STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.193/PR/SPMC/PHQ/2022 Date:06.10.2022

# പോലീസ് ശരീരസൗന്ദര്യമത്സരങ്ങൾ ശനിയാഴ്ച ഗാന്ധിപാർക്കിൽ

കേരളാ പോലീസിന്റെ ശരീരസൗന്ദര്യമത്സരങ്ങൾ ശനിയാഴ്ച തിരുവനന്തപുരത്ത് നടക്കും. മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നയാൾക്ക് മിസ്റ്റർ കേരള പോലീസ് 2022 പട്ടം സമ്മാനിക്കും. പത്ത് ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുക.

വൈകിട്ട് ആറ് മണിക്ക് കിഴക്കേകോട്ട ഗാന്ധിപാർക്കിൽ നടക്കുന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് മുഖ്യാതിഥിയായിരിക്കും. കലാംഗൻ സെൻർ ഫോർ ഡാൻസ് ആന്റ് മ്യൂസിക് അവതരിപ്പിക്കുന്ന ക്ലാസിക്കൽ നൃത്തം, മനു പൂജപ്പുരയുടെ മാജിക് ഷോ, നേഹ പ്രദീപും സംഘവും അവതരിപ്പിക്കുന്ന ഗാനമേള, മന്ത്ര ഡാൻസ് ആന്റ് ഫിറ്റ്നെസ് സ്റ്റുഡിയോയുടെ ഫ്യൂഷൻ ഡാൻസ്, കേരളാ പോലീസ് വനിത ജിം ടീമിന്റെ തിരുവാതിര എന്നിവയും ഉണ്ടായിരിക്കും.

സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ ഫെയ്സ് ബുക്ക് പേജിൽ പരിപാടിയുടെ തത്സമയ സംപ്രേഷണം കാണാം.

*************************